**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** | **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിലെ അടിവാരം - കേളംമൂല റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊടുവള്ളി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന അടിവാരം - കേളംമൂല റോഡിന്റെ(23.7 കി.മീ) ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 10/07/2017-ലെ G.O (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള അടിവാരം - കേളംമൂല റോഡ് (23.7 km) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 29/08/2019-ന് നിർവ്വഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23/10/2019-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നെങ്കിലും, ആയതിന് SPV 14/01/2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചു കൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള DPR സമർപ്പിക്കുവാൻ 29/01/2020-ന് കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്കായി 09/02/2018-ന് പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നുവെന്നും, എന്നാൽ കേളംമൂല അടിവാരം റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈന്മെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹു. തിരുവമ്പാടി എം.എൽ.എ 07/02/2022-കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആ ഭാഗം ഉൾപ്പെടുത്തി 10 കിലോ മീറ്റർ റീ-ഇൻവെസ്റ്റിഗേഷൻ നടത്താൻ 18/02/2022-ന് KRFB ഇൻവെസ്റ്റിഗേഷൻ വിങ്ങിനെ ചുമതലപ്പെടുത്തിയതായും, അടിവാരം മുതൽ കണ്ണപ്പൻ കുണ്ട് വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KRFB–PMU കോഴിക്കോട് ഓഫീസിൽ |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട് എന്നും, അടിവാരം മുതൽ കണ്ണപ്പൻ കുണ്ട് വരെ പുതുക്കിയ അലൈൻമെന്റ് പ്രകാരവും, കണ്ണപ്പൻ കുണ്ട് മുതൽ കേളൻമൂല വരെ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അംഗീകരിച്ച അലൈൻമെൻറ് പ്രകാരവുമുള്ള DPR സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നുമാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ? | (ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടില്ല. പദ്ധതിയുടെ അവലോകനം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ